# ദൈവാവിഷ്കരണം - 2

ഡോ. ഡോമിനിക്ക് വെച്ചൂർ, ബ്ര. തോമസ് തയ്യിൽ

**iii വി. ലിഖിതങ്ങളുടെ ദൈവനിവേശിത സ്വഭാവവും ശരിയായ വ്യാഖ്യാനവും:**

വി.ഗ്രന്ഥത്തിന്റെ ദൈവനിവേശിതസ്വഭാവത്തെ ഈ പ്രമാണരേഖ വ്യക്തമായി പഠിപ്പിക്കുന്നു: ''പുതിയ നിയമത്തിലെയും പഴയനിയമത്തിലെയും എല്ലാ പുസ്തകങ്ങളും പൂർണ്ണമായി അവയുടെ എല്ലാ ഭാഗങ്ങളുമുൾപ്പെടെ സംപൂജ്യവും കാനോനികവുമാണ്. കാരണം, അവയുടെ രചന പരിശുദ്ധാത്മാവിന്റെ നിവേശനത്തിൽനിന്നാണ്. ദൈവമാണ് അവയുടെ കർത്താവ്. ആ നിലയിൽ വി. ലിഖിതങ്ങൾ സഭയ്ക്കു തന്നെ ഏല്പിക്കപ്പെട്ടിട്ടുള്ളവയാണ്. വി. ലിഖിതങ്ങൾ രചിക്കുവാൻ വേണ്ടി ദൈവം ചിലരെ തിരഞ്ഞെടുത്തു. അങ്ങനെ തിരഞ്ഞെടുക്കപ്പെട്ടവർ സ്വന്തം ശക്തിയും കഴിവുകളും ഉപയോഗിച്ചിട്ടുണ്ട്. തന്മൂലം അവരും യഥാർത്ഥ നിർമ്മാതാക്കളാണ്. എന്നാൽ, ദൈവമാണ് അവരിലും അവർവഴിയും പ്രവർത്തിച്ചത്. അതുകൊണ്ട് അവിടുന്ന് ആവശ്യപ്പെട്ട എല്ലാക്കാര്യങ്ങളും അവ മാത്രവുമാണ് അവർ എഴുതിയിട്ടുള്ളത്'' (N.11). വി. ഗ്രന്ഥത്തിന്റെ ഈ ദൈവനിവേശിതസ്വഭാവത്തിൽ നിന്നാണ് വി. ഗ്രന്ഥത്തിലെ രക്ഷാകരസത്യങ്ങൾക്കു തെറ്റുപറ്റുകയില്ല എന്ന പഠനം യാഥാർത്ഥ്യമാകുന്നത്. എങ്കിലും വി. ഗ്രന്ഥം വഴി ദൈവം മനുഷ്യർവഴി മാനുഷികമായ രീതിയിൽ സംസാരിച്ചിരിക്കുന്നതിനാൽ അവയെ വ്യാഖ്യാനിക്കുമ്പോൾ വി. ഗ്രന്ഥഭാഗങ്ങളുടെ വിവരണത്തിന്റെ സാമൂഹിക, സാംസ്കാരിക, സാഹിത്യതലങ്ങളും അവയിലൂടെ ദൈവം വെളിപ്പെടുത്തുവാനാഗ്രിക്കുന്ന രക്ഷാകരസന്ദേശങ്ങളും നാം സസൂക്ഷ്മം പഠിക്കേണ്ടതുണ്ട്. വി. ലിഖിതങ്ങൾ പരിശുദ്ധാത്മാവിൽ ത്തന്നെ വായിക്കുകയും വ്യാഖ്യാനിക്കപ്പെടുകയും വേണം; വി. ഗ്രന്ഥത്തിന്റെ ആകെയുള്ള ഉള്ളടക്കവും പൊരുത്തവും കണക്കിലെടുക്കണം. ഒപ്പം സഭയോടുചേർന്ന് വചനം വായിക്കുകയും വ്യാഖ്യാനിക്കുകയുംവേണം(N.12).

**iv) പഴയനിയമവും പുതിയനിയമവും തമ്മിലുള്ള ബന്ധം:**

ദൈവത്തിന്റെ രക്ഷാകരപ്രവൃത്തികളുടെ വിവരണമായ പഴയമനിയമവും പുതിയനിയമവും തമ്മിൽ അഭേദ്യമായ ബന്ധം ഉണ്ടെന്നും അതിനാൽ വിശ്വാസികൾ ഇവ രണ്ടും ആദരവോടെ സ്വീകരിക്കേണ്ടതാണെന്നും കൗൺസിൽ പിതാക്കന്മാർ പഠിപ്പിക്കുന്നു: ''ദൈവമാണ് പഴയതും പുതിയതുമായ ഉടമ്പടികളിലെ പുസ്തകങ്ങളുടെ

നിവേശകനും കർത്താവും. അവിടുത്തെ ബുദ്ധിപൂർവ്വകമായ ക്രമീകരണത്താൽ പുതിയ ഉടമ്പടി പഴയതിൽ ഒളിഞ്ഞുകിടക്കുന്നു; അതേ സമയം പഴയത് പുതിയതിൽ പ്രകാശിതമാകുകയും ചെയ്യുന്നു'' (1.16). പുതിയനിയമഗ്രന്ഥങ്ങളിലെ സുവിശേഷങ്ങളുടെ സവിശേഷതയും അവയുടെ ചരിത്രപരതയും പിതാക്കന്മാർ പ്രത്യേകം എടുത്തു പറയുന്നുണ്ട്

**വി. ഗ്രന്ഥം സഭയുടെ ജീവിതത്തിൽ:**

ദൈവാവിഷ്കരണം എന്ന ഈ കോൺസ്റ്റിറ്റ്യൂഷന്റെ അവസാന അദ്ധ്യായം മുഴുവൻ സഭയുടെ ജീവിതത്തിൽ വി. ഗ്രന്ഥത്തിനുള്ള പ്രാധാന്യം വ്യക്തമാക്കുകയാണ്. നമ്മുടെ കർത്താവിന്റെ തിരുശരീരത്തെ വണങ്ങുന്നതുപോലെയാണ് സഭ വി. ഗ്രന്ഥത്തെയും വണങ്ങുന്നത്. സഭയുടെ പ്രബോധനങ്ങൾക്കും ദൈവശാസ്ത്രപഠനങ്ങൾക്കും വി. ഗ്രന്ഥം അടിസ്ഥാനമാണ്. ആദ്ധ്യാത്മിക ജീവിതത്തിന്റെ വിശുദ്ധവും അക്ഷയവുമായ ഉറവിടമാണ് വി. ഗ്രന്ഥം . ആകയാൽ വി. ഗ്രന്ഥം പഠിക്കുവാനും വായിക്കുവാനും ഓരോ വിശ്വാസിയും ശ്രദ്ധിക്കണം. ദൈവശാസ്ത്രപണ്ഡിതൻ ശരിയായ വ്യാഖ്യാനങ്ങൾ നല്കുവാൻ ശ്രദ്ധിക്കണം. "വി. ലിഖിതങ്ങളെക്കുറിച്ചുള്ള അജ്ഞത മിശിഹായെക്കുറിച്ചുതന്നെയുള്ള അജ്ഞത" തന്നെയെന്ന വി. ജറോമിന്റെ വാക്കുകളും കൗൺസിൽ പിതാക്കന്മാർ അനുസ്മരിക്കുന്നുണ്ട്.

ദൈവാവിഷ്കരണത്തിന്റെ കൈമാറ്റത്തിലെ തുല്യപ്രധാനചാലുകളായ വി. പാരമ്പര്യവും വി. ഗ്രന്ഥവും ആദരവോടെ മനസ്സിലാക്കുന്നതിനും പഠിക്കുന്നതിനുമുള്ള ശക്തമായ ആഹ്വാനമാണ് ഈ കോൺസ്റ്റിറ്റ്യൂഷൻ